(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കടലാക്രമണ-വെള്ളപ്പൊക്ക കെടുതികളിൽ ഭവന രഹിതരായവർ

223 [239] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 1985-86-ലെ കടലാക്രമണ വെള്ളപ്പൊക്കക്കെടുതികളിൽ ഭവന രഹിതരായവരെ പുനരധിവസിപ്പിച്ചിട്ടുണ്ടോ?

ഉത്തരം

പുനരധിവസിപ്പിച്ചിട്ടുണ്ട്.

Anglo Indian beneficiaries under the Housing Scheme

224 [240] **Shri Stephen Padua**: Will the Minister for Revenue be pleased to state:

The number of Anglo Indian beneficiaries under the Housing Scheme so far; their names and addresses?

Answer

There are a large number of Housing Schemes being implemented in Kerala. Even here, in schemes like the Rehabilitation Housing Scheme, the number of beneficiaries exceed one lakh. It is therefore not possible to collect the number of Anglo Indian beneficiaries under these schemes, as we have not collected this information in the application form.

വീടുകൾ നിർമ്മിക്കുവാൻ അനുമതി

225 [241] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധസംഘടനകൾ മുഖേന 1985-86-ൽ സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്;

(ബി) വീട് അനുവദിച്ചവർക്കെല്ലാം ഗഡുക്കളായി കൃത്യസമയത്ത് പണം നൽകിയിട്ടുണ്ടോ;

(സി) ഇപ്പോൾ എത്ര വീടുകൾക്ക് രണ്ടാം ഗഡു സംഖ്യ നൽകുവാൻ ബാക്കിയുണ്ട്;

(ഡി) ജില്ലാടിസ്ഥാനത്തിൽ കണക്കുകൾ വ്യക്തമാക്കുമോ;

(ഇ) നിരവധി ഗുണഭോക്താക്കൾക്ക് സ്റ്റേറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടും രണ്ടാം ഗഡു സംഖ്യ കൊടുത്തിട്ടില്ലെന്ന പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ സംഖ്യ സമയാസമയങ്ങളിൽ കൊടുക്കുവാൻ എന്തു നടപടിയെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly